**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4325** | **09-08-2021 - ൽ മറുപടിയ്ക്ക്**

**റോഡിന് ഭൂമി ഏറ്റെടുക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ | | **Shri. K. Rajan**<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് മാനാഞ്ചിറ-വെള്ളിമാടുകുന്ന് റോഡിന് 3.641 ഹെക്ടർ ഭൂമി, ലാന്റ് അക്വസിഷൻ ആക്ട് പ്രകാരം ഏറ്റെടുക്കുന്ന നടപടിയുടെ പുരോഗതി വിശദീകരിക്കാമോ; അക്വസിഷൻ നടപടികൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കാമോ ; | (എ) | കോഴിക്കോട് മാനാഞ്ചിറ - വെള്ളിമാടുകുന്ന് റോഡിന് 3.641 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട 4(1) വിജ്ഞാപനം 30/07/2021-ലെ ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ആയത് പ്രസിദ്ധീകരിക്കുന്നതിനായി എൽ എ ഒ ക്ക് അയക്കുകയും, തുടർനടപടികൾ സ്വീകരിക്കുന്നതിനായി നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. |
| (ബി) | ഈ പ്രവൃത്തി എപ്പോൾ പൂർത്തീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്; ഈ കാര്യത്തിൽ എന്തെങ്കിലും തടസ്സങ്ങൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതു സംബന്ധിച്ചുള്ള സാമൂഹ്യ ആഘാത പഠന റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ; വിശദമാക്കാമോ? | (ബി) | പ്രസ്തുത പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികളാണ് നടന്നു വരുന്നത്. ഏറ്റെടുക്കൽ നടപടികളിൽ മറ്റു തടസ്സങ്ങളുള്ളതായി ശ്രദ്ധയിൽപെട്ടിട്ടില്ല. സാമൂഹ്യാഘാതപഠനം നടത്തുന്നതിന് യൂത്ത് സോഷ്യൽ സർവീസ് ഓർഗനൈസേഷൻ, എറണാകുളം എന്ന ഏജൻസിയെ തെരഞ്ഞെടുത്തിട്ടുണ്ട്. സാമൂഹ്യാഘാത പഠന റിപ്പോർട്ട് ഏജൻസി സമർപ്പിക്കുന്ന മുറയ്ക്ക് വിദഗ്ധ സമിതിയുടെ പരിഗണനയ്ക്ക് സമർപ്പിച്ച് സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ